# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2993 — 07.12.2018 – ൽ മറുപടിക്ക്

## ഇ.എസ്.ഐ. ആനുകൂല്യങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എസ്.ശർമ്മ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഇ.എസ്.ഐ. ആശുപത്രികളുടെ അടിസ്ഥാന വികസനത്തിനും രോഗികൾക്ക് മികച്ച ചികിൽസ ലഭ്യമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ പരിധിയിലുള്ള 9 ഇ.എസ്.ഐ ആശുപത്രികളും 143 ഇ.എസ്.ഐ ഡിസ്പെൻസറികളും നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് നിയമിച്ച മൂന്നംഗ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. ഓരോ സ്ഥാപനങ്ങളിലും ടി സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു വെൽഫെയർ കമ്മിറ്റി പുതുതായി രൂപീകരിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ 9 ഇ.എസ്.ഐ ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. മേജർ ഡിസ്പെൻസറികളിൽ ഇ.സി.ജി മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. ഇ-ഗവേണൻസിന്റെ ഭാഗമായി മെഡിക്കൽ ക്ലെയിമുകളുടെ അപേക്ഷകൾ യഥാസമയം അനുവദിക്കാനായി ഡിസ്പെൻസറികൾക്ക് ഇന്റർനെറ്റ് സൗകര്യവും കമ്പ്യൂട്ടറുകളും നൽകിയിട്ടുണ്ട്. ടോക്കൺ സിസ്റ്റം നിലവിലില്ലാത്ത ഇ.എസ്.ഐ ആശുപത്രികളിലും തിരക്കേറിയ |

| | | | |
|---|---|---|---|
| | | | ഇ.എസ്.ഐ ഡിസ്പെൻസറികളിലും ടോക്കൺ സിസ്റ്റം സ്ഥാപിച്ചു. ഫീഡിംഗ് ഡിസ്പെൻസറികളിൽ നിന്നും ആശുപത്രി ഒ.പി വിഭാഗത്തിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് 5 ദിവസത്തേക്കാവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഇ.എസ്.ഐ ആശുപത്രികളിൽ ഫാർമസി ഔട്ട് ലെറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആശുപത്രികളിൽ അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ ടേബിൾ, ആട്ടോക്ലേവ് മെഷീൻ, ഒ.ടി ലൈറ്റ്, ഓക്സിജൻ കോൺസൻട്രേറ്റർ, മൾട്ടിപാരാമോണിറ്റർ എന്നീ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഫറോക്ക് ഇ.എസ്.ഐ ആശുപത്രി കേന്ദ്രമാക്കി ഒരു റീജിയണൽ ലബോറട്ടറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എറണാകുളം ഇ.എസ്.ഐ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സൂപ്പർ സ്പെഷ്യാലിറ്റി റഫറൻസ് ഓൺലൈൻ വഴി നൽകുന്നുണ്ട്. റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്നുണ്ട്. ഇ.എസ്.ഐ കോർപ്പറേഷന്റെ റേറ്റ് കോൺട്രാക്ടിലുൾപ്പെട്ടതും എന്നാൽ മരുന്ന് കമ്പനികൾ സമയത്ത് വിതരണം നടത്താത്തതുമായ 103 ഇനം അവശ്യ മരുന്നുകൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ്, നീതി മെഡിക്കൽ സ്റ്റോർ മുതലായ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ക്യാൻസർ, കിഡ്നി സംബന്ധമായ അസുഖമുള്ള |

| | | | |
|---|---|---|---|
| | | | രോഗികൾക്ക് റേറ്റ് കോൺട്രാക്ട് മുഖേനയും ക്വട്ടേഷൻ വഴിയും മരുന്ന വിതരണം ചെയ്യുന്നു. വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിൽ ഡ്രഗ് ടെസ്റ്റിംഗ് ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പത്ത് ജില്ലകളിലായി 14 നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് (NCD) ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇ.എസ്.ഐ ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് ഭക്ഷണത്തിനു വേണ്ടി ഹരിതമിഷനുമായി ചേർന്ന് ആശുപത്രികളിൽ ജൈവ പച്ചക്കറി കൃഷി ആരംഭിച്ചു. 2017-18 വർഷത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാൻ വഴി രോഗികൾക്ക് മികച്ച സേവനങ്ങൾ ലഭ്യമാക്കുന്നതിന് 4 ഇ.എസ്.ഐ ആശുപത്രികളിൽ 'ഫുള്ളി ഓട്ടമേറ്റഡ് ബയോകെമിസ്ട്രി അനലൈസറുകൾ' സ്ഥാപിച്ചു. രണ്ട് ഇ.എസ്.ഐ ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റുകളും പവർ ലോൺട്രി സംവിധാനവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. രണ്ട് ആശുപത്രികളിൽ ഹെമറ്റോളജി അനലൈസറുകൾ സ്ഥാപിച്ചു. ഉച്ചക്ക് ശേഷവും ലബോട്ടറി സൗകര്യം ലഭിക്കുന്നതിനായി സ്വകാര്യ ലാബുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇപ്പോൾ ഏതൊക്കെ വിഭാഗത്തിൽ ജോലി ചെയ്യുന്നവർക്കാണ് ഇ.എസ്.ഐ ആനുകൂല്യം ലഭിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് പത്തോ അതിലധികമോ തൊഴിലാളികൾ ജോലിചെയ്യുന്ന താഴെ പറയുന്ന വിഭാഗങ്ങളിൽപ്പെടുന്ന തൊഴിൽ സ്ഥാപനങ്ങളിലെ എല്ലാ തൊഴിലാളികൾക്കും ഇ.എസ്.ഐ പരിരക്ഷ ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | 1. വ്യവസായശാലകൾ, വ്യാപാര സ്ഥാപനങ്ങൾ<br>2. ഹോട്ടൽ/റസ്റ്റോറന്റ്<br>3. സിനിമ തീയറ്ററുകൾ<br>4. റോഡ് ഗതാഗത സ്ഥാപനങ്ങൾ<br>5. പത്ര മാധ്യമ സ്ഥാപനങ്ങൾ<br>6. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ<br>7. സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ<br>8. കൺസ്ട്രക്ഷൻ മേഖലയിലെ നിർമ്മാണ തൊഴിലാളികൾ<br>കൂടാതെ കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പത്തോ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനങ്ങളിലെ എല്ലാ കോൺട്രാക്ട്/ കാഷ്വൽ തൊഴിലാളികൾക്കും ഇ.എസ്.ഐ പരിരക്ഷ ലഭ്യമാണ്. |
| (സി) | ഇ.എസ്.ഐ. പരിരക്ഷ ലഭിക്കുന്നതിനുള്ള തൊഴിലാളികളുടെ വേതന പരിധി പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ? | (സി) | ഇ.എസ്.ഐ പരിരക്ഷ ലഭിക്കുന്നതിനുള്ള തൊഴിലാളികളുടെ വേതന പരിധി 01.01.2017 മുതൽ 15,000/- രൂപയിൽ നിന്നും 21,000/- രൂപയായി ഉയർത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**